**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 656** **28-01-2026 - ൽ മറുപടിയ്ക്ക്**

**കെ-സ്വിഫ്റ്റിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ പുതിയ സംരഭം തുടങ്ങുന്നവർക്കായി ആരംഭിച്ചിരിക്കുന്ന കെ-സ്വിഫ്റ്റ് പ്രകാരം അപേക്ഷിക്കുന്നവർക്ക് സ്ഥാപനങ്ങളുടെ ലൈസൻസ് ലഭിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (എ) | കെ-സ്വിഫ്റ്റ് അഥവാ കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പരന്റ് ക്ലിയറൻസസ് (K-SWIFT) എന്നത് സർക്കാരിന്റെ വിവിധ വകുപ്പുകൾ/ഏജൻസികൾ, സംരംഭങ്ങൾക്ക് നല്കുന്ന വിവിധ `അനുമതികൾ (പെർമിറ്റ്/ ലൈസൻസ്/എൻ.ഒ.സി/രജിസ്ട്രേഷൻ) സുതാര്യവും സമയബന്ധിതവുമായ രീതിയിൽ സുഗമമാക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ ഏകജാലക സംവിധാനമാണ്. ഈ ഓൺലൈൻ സംവിധാനത്തിലൂടെ വിവിധ വകുപ്പുകളുടെ അനുമതികൾ സംരംഭകർക്ക് നേടിയെടുക്കാവുന്നതാണ്. നിലവിൽ 22 വകുപ്പുകളുടെ 120-ൽ അധികം സേവനങ്ങൾ ഈ ഏകജാലക സംവിധാനത്തിലൂടെ നേടിയെടുക്കാൻ സാധിക്കുന്നതാണ്.<br><br>സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ പ്രകാരം ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത ഏതൊരു എം.എസ്.എം.ഇ സംരംഭം തുടങ്ങുന്നതിന്, തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രവും (കൈപ്പറ്റ് സാക്ഷ്യപത്രം) കെ-സ്വിഫ്റ്റിലൂടെ സംരംഭകർക്ക് ലഭ്യമാകുന്നതാണ്.<br><br>സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ (എം എസ് എം ഇ) സ്ഥാപനം, പ്രവർത്തനം എന്നിവ കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പിലാക്കിയ 2019-ലെ കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിന് കീഴിലാണ് കെ-സ്വിഫ്റ്റിലൂടെ പ്രസ്തുത സാക്ഷ്യപത്രം നല്കുന്നത്. ടി നിയമത്തിന്റെ സെക്ഷൻ 5 പ്രകാരം, സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ വരുന്ന ചില അനുമതികൾ (പെർമിറ്റുകൾ, ലൈസൻസുകൾ, എൻ.ഒ. സികൾ) നേടിയെടുക്കുന്നതിൽ നിന്നും, |

| | | | |
|---|---|---|---|
| | | | അതുമായി ബന്ധപ്പെട്ട പരിശോധനകളിൽ നിന്നും, ഈ സർട്ടിഫിക്കറ്റുകൾ സംരംഭകർക്ക് 3.5 വർഷത്തേക്ക് ഇളവുകൾ നൽകുന്നു. പ്രസ്തുത കാലാവധി പൂർത്തിയാവുന്നതിനുള്ളിൽ സംരംഭകർ ആവശ്യമായ അനുമതികൾ നേടിയെടുത്താൽ മതിയാവുന്നതാണ്.<br><br>2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന് കീഴിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഭൂമി വിനിയോഗിക്കുന്നതിനോ, 2016-ലെ കേരള നഗര-ഗ്രാമ ആസൂത്രണ നിയമത്തിൻ കീഴിൽ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള മാസ്റ്റർപ്ലാൻ പ്രാബല്യത്തിലുള്ളിടത്ത് വ്യക്തമാക്കിയിട്ടുള്ള ഭൂവിനിയോഗത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് ഭൂമി വിനിയോഗിക്കുന്നതിനോ, പ്രസ്തുത കൈപ്പറ്റ് സാക്ഷ്യപത്രം ഒരാളെ അർഹനാക്കുന്നതല്ല. 6 നിയമത്തിന് കീഴിലുള്ള അനുമതികൾ എടുക്കുന്നതിൽ നിന്നും മൂന്നര വർഷത്തേക്ക് ഇളവുകൾ ലഭിക്കുന്ന വേളയിലും, കെട്ടിട നിർമ്മാണം, സംരംഭത്തിന്റെ പ്രവർത്തനം തുടങ്ങിയ കാര്യങ്ങളെല്ലാം പ്രസ്തുത നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം നിർവഹിക്കാൻ സംരംഭകർ ബാധ്യസ്ഥരാണ്. ഇപ്രകാരം നിയമത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളെല്ലാം പാലിക്കുന്നുമെന്ന് അപേക്ഷകൻ സത്യപ്രസ്താവന നൽകിയതിന് ശേഷമാണ് സാക്ഷ്യപത്രം നൽകുന്നത്. |
| (ബി) | ഇത് പ്രകാരം ലഭിക്കുന്ന താൽക്കാലിക ലൈസൻസിന്റെ കാലാവധി എത്രയാണെന്ന് അറിയിക്കാമോ; | (ബി) | 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിന് കീഴിൽ നല്കുന്ന തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിന്റെ കാലാവധി മൂന്നര വർഷമാണ്. |
| (സി) | തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ലൈസൻസിന് തുല്യമായ ലൈസൻസ് ആണോ ഇത്തരത്തിൽ ലഭിക്കുന്നത്; വിശദാംശം നൽകാമോ? | (സി) | 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിന് കീഴിൽ നല്കുന്ന തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം നേടിയെടുക്കുന്നതുവഴി താഴെ പറയുന്ന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികളിൽ നിന്നും മൂന്നര വർഷത്തേക്ക് ഇളവുകളാണ് സംരംഭകർക്ക് ലഭിക്കുന്നത്.<br><br>1. കേരള പഞ്ചായത്ത് രാജ് നിയമം,1994<br>2. കേരള മുനിസിപ്പാലിറ്റി നിയമം, 1994<br>3. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, 1960<br>4. കേരള ലിഫ്റ്റ് ആൻഡ് എസ്കലേറ്റേഴ്സ് നിയമം, 2013 |

| | | | |
|---|---|---|---|
| | | | 5. തിരുവിതാംകൂർ – കൊച്ചിൻ പബ്ലിക് ഹെൽത്ത് നിയമം, 1955<br>6. മദ്രാസ് പബ്ലിക് ഹെൽത്ത് നിയമം, 1939<br><br>ഇപ്രകാരം ഇളവുകൾ നൽകിയിട്ടുള്ള നിയമങ്ങൾക്ക് കീഴിൽ വരുന്ന അനുമതികളുടെ വിവരങ്ങൾ, 2020-ലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടത്തിൽ വിശദമാക്കിയിട്ടുമുണ്ട്. അതിൽ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സംരംഭങ്ങൾക്ക് നല്കുന്ന ലൈസൻസും ഉൾപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ